ഭരണാനുമതി ലഭിച്ചത് 38.40 കോടി രൂപയാണ്. 2014-15 ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്യുപ്പോൾ കരാറുകാർ പങ്കെടുക്കാത്തതിനാൽ വീണ്ടും ടെണ്ടർ ചെയ്യേണ്ടിവന്നതിനാലാണ് പദ്ധതി ആരംഭിക്കുന്നതിനുള്ള കാലതാമസം ഉണ്ടായത്.

വെളിയം ഇലക്ട്രിക്കൽ സെക്ഷൻ വിഭജനം

22 (362) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വെളിയം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ നിലവിൽ എത്ര ഗ്രണഭോക്താക്കൾ ഉണ്ട് ;

(ബി) വെളിയം ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ ആഫീസ് നെടുമൺകാവിലോ ഓടനാവട്ടത്തോ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 19060 ഗ്രണഭോക്താക്കൾ ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

സംസ്ഥാന വൈദ്യുതി പദ്ധതികൾ

23 (363) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ വർഷം ലോഡ്ഷെഡിംഗോ, പവർകട്ടോ ആവശ്യമായി വരുമോ എന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിനാവശ്യമായ ഊർജ്ജം ഉല്പാദിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly